10/08/2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Nizam S A** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/08/2024

1. 2024-25 സംസ്ഥാനതല കർഷക ദിനാഘോഷവും 2023 വർഷത്തെ കാർഷിക അവാർഡ് വിതരണവും ട്രിനിറ്റി കോളേജ്, പള്ളിച്ചലിൽ വെച്ച് നടത്തപ്പെടുമെന്ന് കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചു.

2. ഭാരത സർക്കാർ കൃഷി മന്ത്രാലയത്തിന്റെയും കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും സംയുക്ത പദ്ധതിയായ SMAM ന് കീഴിൽ പുതുതായി വാങ്ങുന്ന കാർഷിക യന്ത്രങ്ങൾക്കും ഉപകരണങ്ങൾക്കും 40 50% വരെ സബ്സിഡി ലഭിക്കുന്നതാണ്. അപേക്ഷകൻ കുറഞ്ഞ ഭൂമിയ്ക്ക് എങ്കിലും കരം അടയ്ക്കുന്ന വ്യക്തിയായിരിക്കണം. ഈ പദ്ധതിയുടെ സൗജന്യ രജിസ്ട്രേഷൻ ക്യാമ്പ് ഇന്ന് (10.08.2024) വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ജില്ലാ ഓഫീസിൽ നടത്തുന്നു. താല്പര്യമുള്ളവർക്കു പാസ്പോർട്ട് സൈസ് ഫോട്ടോ, ആധാർ കാർഡ്, പുതിയ ഭൂനികുതി രസീത് (2024 -25 സാമ്പത്തിക വർഷത്തേത്), ബാങ്ക് പാസ് ബുക്കിന്റെ ഫ്രണ്ട് പേജ്, പാൻകാർഡ്, പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നീ രേഖകളുടെ ഒറിജിനലും അവയുടെ ഒരു സെറ്റ് വീതം പകർപ്പുകളുമായി വന്ന് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം ലഭിക്കുന്ന നിശ്ചിത അപേക്ഷകൾക്ക് മാത്രമാണ് സബ്സിഡി ലഭിക്കുക.

3. വിളവെടുപ്പിന്റെയും സമൃദ്ധിയുടെയും കാലമായ പൊന്നിൻചിങ്ങ മാസത്തിൽ നമ്മുടെ കാർഷിക പൈതൃകത്തെയും കാർഷിക സംസ്കൃതിയെയും വരും തലമുറയ്ക്ക് നേരിട്ട് കാണാനും അനുഭവിക്കാനും അവസരം ഒരുക്കുകയാണ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന കൃഷിവകുപ്പിന്റെ ഒക്കൽ സംസ്ഥാന

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

വിത്തുൽപാദന കേന്ദ്രം. ഓഗസ്റ്റ് മാസം 29, 30, 31 തീയതികളിൽ കാർഷിക പ്രദർശന വിപണന മേള **'ഒക്കൽ ഫാം ഫെസ്റ്റ്'** നടത്തുന്നു. കാലാവസ്ഥ സൗഹൃദ ജീവിതശൈലി കെട്ടിപ്പടുക്കുവാൻ ജനപങ്കാളിത്തം ഉറപ്പാക്കേണ്ടതുണ്ട്. ഈ സന്ദേശം ഉൾക്കൊണ്ടു കൊണ്ട് ആണ് ഈ മേള സംഘടിപ്പിക്കുന്നത്. വിവിധ കാർഷിക പ്രശ്നങ്ങളെ കുറിച്ചുള്ള സെമിനാറുകളും കാർഷികസംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രായോഗിക ക്ലാസുകളും, പ്രകൃതി സംരക്ഷണം, കൃഷിയും കാലാവസ്ഥയും, ജൈവവൈവിധ്യം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചുള്ള ചലചിത്രപ്രദർശനവും, കാർഷിക ക്വിസ് എന്നീ വിവിധ ആകർഷക വിഭവങ്ങൾ മേളയുടെ ഭാഗമായി ഒരുക്കിയിരിക്കുന്നു. പ്രസ്തുത മേളയിൽ കാലാവസ്ഥ സൗഹൃദ ജീവിതശൈലി എന്ന ആശയങ്ങൾ അടിസ്ഥാനമാക്കി വിദ്യാർഥികളുടെ എക്സിബിഷൻ നടത്തുന്നു.

4. സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ 'ഹാച്ചറി സൂപ്പർവൈസർ കം ടെക്ക്നിഷ്യൻ' തസ്തികയിലേയ്ക്ക് കരാർ നിയമനത്തിനായുള്ള അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി 16.08.2024 വരെ നീട്ടിയതായി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. വിദ്യാഭ്യാസ യോഗ്യത, തൊഴിൽ പരിജ്ഞാനം, മറ്റ് പ്രധാന വിശദാംശങ്ങൾക്കുമായി www.kepco.co.in & www.kepconews.blogspot.com വെബ് പോർട്ടൽ സന്ദർശിക്കുക.

5. ക്ഷീരവികസനവകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി 'ശാസ്ത്രീയ പശു പരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി 12/08/2024 മുതൽ 17/08/2024 വരെ അഞ്ച് ദിവസത്തെ കർഷക പരിശീലനം നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ കരമനയിൽ പ്രവർത്തിക്കുന്ന സംയോജിത കൃഷി സമ്പ്രദായ ഗവേഷണകേന്ദ്രത്തിൽ സംരംഭകത്വത്തിനായി 'കൂൺകൃഷി' എന്ന വിഷയത്തിൽ ഈ മാസം 12ന് ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. 500 രൂപയാണ് റജിസ്ട്രേഷൻ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ലഭിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. താല്പര്യമുള്ളവർ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യുക; കൂടുതൽ വിവരങ്ങൾക്ക് 9446104347, 9645219270 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 'പഴം പച്ചക്കറി സംസ്കരണം (ഡ്രൈ ഫ്രൂട്ട്സ് ഉൾപ്പെടെ)' എന്ന വിഷയത്തിൽ 2024 ആഗസ്റ്റ് 12 മുതൽ ആഗസ്റ്റ് 14 വരെ മൂന്ന് ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റുറബ്ബർസംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ആഗസ്റ്റ് 13, 14 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽസംഭരണം, ഷീറ്റുറബ്ബർനിർമ്മാണം, പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം

വിഷയങ്ങൾ. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം